# പുളിക്കുന്ന മുന്തിരി

ഒരിക്കൽ പാവപ്പെട്ട ഒരാൾ മുഹമ്മദ് നബിയുടെ അരികിലെത്തി ഒരു കുല മുന്തിരി സമ്മാനിച്ചു.

അതിൽനിന്നും ഒന്നെടുത്ത് നബി വായിലേക്കിട്ടു. രണ്ടാമത്തേതും മൂന്നാമത്തേതും വായിലേക്കിട്ടു. അങ്ങനെ ആ കുലയിലുള്ള മുന്തിരിയെല്ലാം ഓരോന്നായി നബിതിരുമേനി തിന്നു.

മുന്തിരി കൊണ്ടുവന്ന ആ പാവം മനുഷ്യന് തൃപ്തിയായി. അയാൾ നബിക്കു നേരെ ഒരു പുഞ്ചിരിയിട്ട് സന്തോഷത്തോടെ തിരിച്ചുപോയി.

ഈ സമയം നബിയുടെ ഒപ്പമുണ്ടായിരുന്ന ശിഷ്യരിൽ ഒരാൾക്ക് സംശയമുദിച്ചു. അദ്ദേഹം ചോദിച്ചു:

“പ്രവാചകരേ, അങ്ങെന്താണ് മുന്തിരി മുഴുവൻ തിന്നുകളഞ്ഞത്, അതിൽനിന്നും ഒരെണ്ണം പോലും ഞങ്ങൾക്ക് നൽകാതെ?!”

നബി പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു:

“ഞാനങ്ങനെ ചെയ്തത്, അവ പുളിക്കുന്ന മുന്തിരി ആയതുകൊണ്ടാണ്. ഞാനത് നിങ്ങൾക്ക് നൽകുകയാണെങ്കിൽ, നിങ്ങളുടെ മുഖത്ത് അതൃപ്തി പ്രകടമാകും. തീർച്ചയായും, അത് ആ പാവപ്പെട്ട മനുഷ്യനെ വേദനിപ്പിക്കും. ഞാനത് ഇഷ്ടപ്പെടുന്നില്ല. അയാൾ സന്തോഷവാനായി തിരിച്ചുപോയതാണ് എന്നെ തൃപ്തിപ്പെടുത്തുന്നത്.”

മുഹമ്മദ് നബിയുടെ വാക്കുകൾ കേട്ട് ശിഷ്യന്മാർ നിശ്ശബ്ദരായി.

പുനരാഖ്യാനം:
**അബ്ദുല്ല പേരാമ്പ്ര**

